# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3630. 20/06/2018 - ൽ മറുപടിയ്ക്ക്

### ശിശുസംരക്ഷണ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി സതീശൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ ശിശുസംരക്ഷണ സ്ഥാപനങ്ങളും 2005-ലെ ബാലനീതി നിയമപ്രകാരം 2015 മാർച്ച് 31-ന് മുമ്പ് രജിസ്റ്റർ ചെയ്യണമെന്ന് സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) 2005-ലെ ബാലനീതി നിയമപ്രകാരം 2015 മാർച്ച് 31-ന് മുമ്പ് രജിസ്റ്റർ ചെയ്യണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടില്ല. 2015-ലെ ബാലനീതി നിയമപ്രകാരം സംസ്ഥാനത്തെ എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളും 2018 മാർച്ച് 31ന മുമ്പ് രജിസ്റ്റർ ചെയ്യണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളും ജെ.ജെ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനകം എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു ; രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ അടച്ച് പൂട്ടുകയുണ്ടായോ; വിശദാംശം നൽകുമോ; | (ബി) 790 സ്ഥാപനങ്ങൾ പുതിയ ബാലനീതി നിയമ വ്യവസ്ഥകൾ അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത 494 സ്ഥാപനങ്ങൾക്ക് Closure Notice നൽകി. |
| (സി) ബാലനീതി നിയമം മുന്നോട്ട് വയ്ക്കുന്ന നിബന്ധന നടപ്പിലാക്കുവാൻ പ്രയോഗികമായി സാദ്ധ്യമല്ലായെന്ന മാനേജ്മെന്റുകളുടെ നിലപാട് സാധൂകരിക്കത്തക്കതാണോ; വ്യക്തമാക്കുമോ; | (സി) ബാലനീതി നിയമം മുന്നോട്ട് വയ്ക്കുന്ന നിബന്ധന നടപ്പിലാക്കുവാൻ പ്രായോഗികമായി സാദ്ധ്യമല്ലായെന്ന മാനേജ്മെന്റുകളുടെ നിലപാട് സംബന്ധിച്ച് ബഹു. സുപ്രീം കോടതി മുമ്പാകെ കേസ് പെൻഡിംഗിലാണ്. ബാലനീതി നിയമം |

| | | | |
|---|---|---|---|
| | | | അനുശാസിക്കുന്ന പ്രകാരമുള്ള ജീവനക്കാരെ നിയമിക്കുന്നതും ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതും കുട്ടികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും അനിവാര്യമാണ്. |
| (ഡി) | അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ കുട്ടികൾ നിലവിൽ ആരുടെ സംരക്ഷണയിലാണ്; എത്ര കുട്ടികൾ ഇപ്രകാരം സംരക്ഷണയിലുണ്ട്; | (ഡി) | അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ 4505 കുട്ടികൾ നിലവിൽ മാതാപിതാക്കൾക്കൊപ്പവും 49 കുട്ടികൾ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖാന്തിരം മറ്റ് സമാന സ്ഥാപനങ്ങളിലുമാണ് സംരക്ഷിക്കപ്പെടുന്നത്. |
| (ഇ) | സംരക്ഷിക്കുവാനും വിദ്യാഭ്യാസം നൽകുവാനും മാതാപിതാക്കൾ ഇല്ലാത്തതോ മാതാപിതാക്കൾക്ക് അതിനുള്ള കഴിവില്ലാത്തതോ ആയ പതിനായിരക്കണക്കിന് കുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതമാക്കുവാൻ സാമൂഹ്യനീതി വകുപ്പ് കൈകൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (ഇ) | കുട്ടികളെ അവരുടെ മാതാപിതാക്കൾക്കൊപ്പം താമസിപ്പിക്കുന്നതിനും വിദ്യാഭ്യാസം നൽകുന്നതിനും കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ഒരു കുട്ടിക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ 3 വർഷം വരെ ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ വിജ്ഞാനദീപ്തി എന്ന പദ്ധതിയിൽ ഉൾപ്പെടുന്ന പൂർണ്ണമായും സംസ്ഥാന തല ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയിലൂടെ സംസ്ഥാനത്തൊട്ടാകെ 1000 ത്തിലധികം കുട്ടികൾക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ 3 വർഷം ധനസഹായം നൽകുന്നു. സംരക്ഷിക്കുവാനും വിദ്യാഭ്യാസം നൽകുവാനും മാതാപിതാക്കളും ബന്ധുക്കളും ഇല്ലാത്ത പൂർണ്ണമായും അനാഥരായുള്ള കുട്ടികളെ ദത്തെടുക്കൽ പോറ്റി വളർത്തൽ തുടങ്ങിയവയിലൂടെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ